# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025- 2026

എം. ജി. എം. യു. പി. എസ് കോട്ടമല

# ആമുഖം

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ ഭീമനടി, മാങ്ങോട്, വരക്കാട്, ചെന്നടുക്കം, നർക്കിലക്കാട്, മൌവ്വേനി, എളേരിത്തട്ട്, മാർണാടം, വളഞ്ഞങ്ങാനം എന്നീ പ്രദേശങ്ങൾ ഈ സ്കൂളിന്റെ പരിധിയിൽ പെടുന്നു.

1953 ൽ കൈപ്രത്ത് കുഞ്ഞമ്പുനായർ സംഭാവന ചെയ്ത പത്ത് സെൻറ് സ്ഥലത്ത് ആരംഭിച്ച സ്കൂൾ 1957-58 കാലഘട്ടത്തിൽ യു.പി.സ്കൂളായി ഉയർത്തി. 52 കുട്ടികളുമായി അധ്യാനം ആരംഭിച്ച സ്കൂളിൽ 1980 കളിൽ 850 കുട്ടികൾ പഠനം നടത്തിയിരുന്നു. 2005-2006 അധ്യാനവർഷം മുതൽ പ്രീപ്രൈമറി വിഭാഗം അടക്കം ഇപ്പോൾ ഇവിടെ 370 കുട്ടികളും 19 അധ്യാപകരും ഒരു ആഫീസ് അസ്സിസ്റ്റൻ്റും ഉണ്ട്. 200 മീറ്റർ അകലെ പ്രവർത്തിക്കുന്ന അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഈ സ്കൂളിന് ഭീക്ഷണിയായി നിലനിൽക്കുന്നു. ഈ തട്ടകത്തിലെ ഭൂരിഭാഗം കുട്ടികളുടെയും രക്ഷിതാക്കൾ കൂലിപ്പണിക്കാരാണ്. നാലായിരത്തോളം പുസ്തകങ്ങളുള്ള ലൈബ്രറിയും നൂതന സാങ്കേതിക വിദ്യകളോടെ നവീകരിച്ച യു.പി. ക്ലാസ്സ്മുറികളും സ്കൂളിലുണ്ട്.

എഴുപത് വർഷക്കാലത്തെ പ്രവർത്തന കാലയളവിൽ അക്കാദമിക-അക്കാദമികേതര രംഗങ്ങളിൽ അസൂയാവഹമായ പല നേട്ടങ്ങളും കൈവരിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. മികവിൽ നിന്ന് നിറവിലേക്കുള്ള പ്രയാണത്തിൽ ഒരു നാട്ടുമുഴുവൻ വിദ്യാലയത്തിന് താങ്ങായി നിൽക്കുന്നു.

ഉള്ളടക്കത്തിലും പ്രയോഗത്തിലും സമീപനത്തിലും സാമൂഹിക കാഴ്ചപ്പാട് സന്നിവേശിപ്പിച്ച ഒരു പാഠ്യപദ്ധതിയാണ് നാമിന്ന് സ്വീകരിച്ചിട്ടുള്ളത്. കേവലം ജ്ഞാനം കൈവരിക്കുന്നതിനപ്പുറം ചലനാത്മകവും വികസനോന്മുഖവുമായി പ്രശ്നങ്ങളെ മുറിച്ച് കടക്കാനുള്ള പ്രായോഗികശേഷി നൽകുന്നതുമായ ഒരു സർഗാത്മക പ്രവർത്തനമായി പഠനം മാറുകയാണ്. ഈ കാഴ്ചപ്പാട് അതിന്റെ അർത്ഥത്തിലും വ്യാപ്തിയിലും ഉൾക്കൊള്ളുകയും പ്രയോഗിക്കുകയുമാണ് അക്കാദമികസമൂഹം ചെയ്യേണ്ടത്. അതിന് പര്യാപ്തമായി വിദ്യാലയ അന്തരീക്ഷം മാറേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കോട്ടമല എം.ജി.എം.യു,പി.സ്കൂൾ 2023-24, 2024-25, 2025-26, 2026-27, 2027-28 വർഷങ്ങളിലെ വിദ്യാലയ വികസന പദ്ധതി രൂപികരിച്ചിട്ടുള്ളത്.

# SWOT ANALYSIS - സോട്ട് വിശകലനം

## 1. ശക്തി (Strength)

- ആത്മാർത്ഥയോടെ പ്രവർത്തിക്കുന്ന അധ്യാപകർ
- അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന പി.ടി.എ.
- സ്മാർട്ട് ക്ലാസ്സ് മുറികൾ
- ഐ.ടി. അധിഷ്ഠിത പഠനം
- മികച്ച രീതിയിൽ സജ്ജീകരിച്ച സയൻസ് ലാബ്
- ആവശ്യത്തിനുള്ള സ്ഥലലഭ്യത
- മികച്ച സ്കൂൾ ലൈബ്രറി പുസ്തകശേഖരണം
- ജലലഭ്യത

- മൾട്ടിപർപ്പസ് ഹാൾ
- മികച്ച ഉച്ചഭക്ഷണ വിതരണം
- മികച്ച ഊട്ടുപുര
- മികച്ച പാചകപുര
- മ കിഡ്സ് പാർക്ക്

**2. പരിമിതികൾ (Weakness)**

- ചുറ്റുമതിലിൻെറ അഭാവം
- എൽ.പി. ക്ലാസ്സുകളിൽ സാങ്കേതിക സംവിധാനങ്ങളുടെ കുറവ്
- പാർട്ടീഷനില്ലാത്ത എൽ.പി. ക്ലാസ് മുറികൾ
- കലാകായിക വിഷയങ്ങളിൽ പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം
- കായിക ഉപകരണങ്ങളുടെ ലഭ്യതകുറവ്
- ശാരീരികവും മാനസികവുമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് കൗൺസലിംങ് നൽകുന്നതിനുള്ള ആളുടെ അഭാവം
- സ്ത്രീ സൗഹൃദ ശുചിമുറി, സിക്ക് റൂം എന്നിവയുടെ അഭാവം

**3. അവസരങ്ങൾ (Opportunities)**

- വിദ്യാർത്ഥികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്താനുള്ള അവസരങ്ങൾ
- LSS, USS, NUMATS പോലെയുള്ള മത്സരപരീക്ഷകളിലെ വിജയസാധ്യത
- കായിക മേളയിലും കലോത്സവങ്ങളിലും മികച്ച നേട്ടം കൈവരിക്കാനുള്ള അവസരങ്ങൾ
- ശാസ്ത്രത്തിലും സാമൂഹിക വിഷയങ്ങളിലും കരകൗശലവിദ്യയിലുമുള്ള അഭിരുചി മെച്ചപ്പെടുത്താനുള്ള അവസരങ്ങൾ
- അച്ചടക്കം, അനുസരണം, നല്ല പെരുമാറ്റം എന്നിവ ശീലിക്കുന്നതിലൂടെ സ്വഭാവ രൂപീകരണത്തിനും വ്യക്തിത്വവികസനത്തിനുമുള്ള അവസരങ്ങൾ

**4. ഭീക്ഷണികൾ (Threats)**

- 200 മീറ്റർ അടുത്തായി അൺ എയിഡഡ് വിദ്യാലയം സ്ഥിതിചെയ്യുന്നത്
- സ്കൂളിലെ 90% കുട്ടികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായതിനാൽ അവരുടെ രക്ഷിതാക്കൾ ദൈനദിന ആവശ്യങ്ങൾക്ക് പോകേണ്ടിവരുന്നത് കൊണ്ട് വീട്ടിൽ നിന്ന് വേണ്ട പ്രോത്സാഹനം കിട്ടുന്നില്ല
- സ്വകാര്യ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോടുള്ള പൊതുസമൂഹത്തിൻെറ അഭിനിവേശം
- അന്യരാജ്യങ്ങളിലേക്കുള്ള കുടിയേറ്റം

# കാഴ്ചപ്പാട് (VISION)

അക്കാദമികവും ഭൗതികവുമായ മേഖലകളിൽ ഇതേവരെ കൈവരിച്ച മികവുകൾ നിലനിർത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതിനോടൊപ്പം പഠനപരമായുള്ള പിന്നോക്കവസ്ഥ ഉയർത്താനും പര്യാപ്തമായ തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളും അക്കാദമിക സാഹചര്യങ്ങളും വികസിപ്പിക്കുകയും മോണിറ്ററിംങ് സംവിധാനം ആവിഷ്കരിക്കുകയും ചെയ്യുക.

# ദൗത്യം (MISSION)

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി മാറ്റുക.

# ലക്ഷ്യങ്ങൾ (GOALS)

1. സ്കൂളിൽ എത്തിചേരുന്ന എല്ലാ വിദ്യാർത്ഥികൾക്കും അതത് ക്ലാസിൽ നിന്ന് ലഭിക്കേണ്ട പഠനശേഷികൾ നേടാൻ സഹായിക്കുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകളിലുള്ള പ്രാവണ്യം നേടികൊടുക്കുക.

3. കുട്ടികളുടെ സർഗാത്മകതയും അക്കാദമിക-കലാ-കായിക പരമായുള്ള കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

4. ഓരോ കുട്ടികളുടെ പൊതുവായ കഴിവും സവിശേഷമായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളെയും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ നൽകുക.

# വിദ്യാലയം-പൊതുവിശകലനം

വിദ്യാലയത്തിലെ കുട്ടികളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക പശ്ചാത്തലം വിശകലനം ചെയ്യുമ്പോൾ ഓരോ കുട്ടിയും തീർത്തും വ്യത്യസ്തരാണ്. മുൻകാലങ്ങളിൽ സാമ്പത്തികമായി ഏതാണ്ട് ഒരേ നിരയിലായിരുന്ന പൊതുസമൂഹത്തിൽ നിന്ന് സാമ്പത്തികാന്തരം കൂടുതലായി കാണുന്നു. കാർഷിക മേഖലയിൽ നിന്നുള്ള രക്ഷിതാക്കൾ ആണ് കൂടുതലായി ഉള്ളത്. കുട്ടികളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കാൻ ഭവനസന്ദർശനം നടത്താറുണ്ട്. സഹായം ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി സ്പോൺസർമാരെ സമീപിക്കുകയും വേണ്ട പിന്തുണ നൽകുകയും ചെയ്യുന്നുണ്ട്. ഒന്നാം

ക്ലാസ്സിലേക്കുള്ള പ്രവേശനസമയത്ത് തന്നെ ഓരോ കുട്ടിയുടെ പ്രൊഫൈൽ നിർമ്മിക്കുകയും ക്ലാസ്സ് കയറ്റം ലഭിച്ചു പോകുമ്പോൾ കൈമാറ്റം ചെയ്യാറുണ്ട്.

**നേട്ടങ്ങൾ**

നിലവിലെ സൗകര്യങ്ങൾ മാത്രം പ്രയോജനപ്പെടുത്തി ഒരുപാട് നേട്ടങ്ങൾ കൊയ്യാൻ നമുക്കായിട്ടുണ്ട്. സബ് ജില്ല-ജില്ലാതല മത്സരങ്ങളിൽ നമ്മുടെ വിദ്യാലയത്തിൽ നിന്നുള്ള വിദ്യാർത്ഥികൾ സമ്മാനർഹരായിട്ടുണ്ട്. സ്കൗട്ട്, ഗൈഡ് പോലെയുള്ള വിദ്യാർത്ഥി സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. LSS, USS പരീക്ഷകളിൽ വിജയിച്ച കുട്ടികളുടെ എണ്ണം പ്രശംസനർഹമാണ്.

**ആവശ്യങ്ങൾ**

1. ചുറ്റുമതിൽ ഇല്ലാത്തതിനാൽ അനധികൃതമായി ആളുകൾ സ്കൂൾ പരിസരത്ത് കയറാനുള്ള സാഹചര്യമുണ്ട്.
2. പൊടിമൂലമുള്ള അലർജി വരാതെ കുട്ടികൾക്ക് കളിക്കുന്നതിന് കോൺക്രീറ്റ് ചെയ്ത കളിസ്ഥലം ആവശ്യമാണ്.
3. ലൈബ്രറി ഹാൾ ഇല്ലാത്തതിനാൽ പുസ്തകങ്ങൾ വേണ്ട രീതിയിൽ ക്രമീകരിക്കുവാനും കുട്ടികൾക്ക് ശരിയായ രീതിയിൽ ലൈബ്രറി പീരിഡ് ഉപയോഗിക്കുവാനും സാധിക്കുന്നില്ല.
4. കുട്ടികളുടെ ഉച്ചഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക് നിർമാർജനത്തിനും വേണ്ട സജ്ജീകരണം ആവശ്യമാണ്.
5. ആധുനിക രീതിയിലുള്ള സ്ത്രീ സൗഹൃദ ശുചിമുറി ആവശ്യമാണ്.
6. കൂടുതൽ ICT സംവിധാനങ്ങളും സയൻസ്-ഐ.ടി. ലാബ് നവീകരണവും ആവശ്യമാണ്.

| ക്രമ നമ്പർ | നടത്താൻ ഉദ്ദേശിക്കുന്ന അക്കാദമി പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|---|
| 1 | **<u>പ്രവേശനോത്സവം</u>** എല്ലാ മാസവും സി.പി.ടി.എ മൂന്നു മാസത്തിലൊരിക്കൽ പി.ടി.എ ജനറൽബോഡി,മേളകളിൽ രക്ഷിതാക്കളുടെ ഇടപെടൽ,വിദ്യാലയത്തിന് പുറത്ത് ദിനാചരണങ്ങൾ,ഓണാഘോഷവും ഓണസദ്യയും,ക്രിസ്മസ് പെരുന്നാൾ ആഘോഷം,പുതുവത്സരാഘോഷം,സ്കൂൾ വാർഷികാഘോഷം | വിദ്യാർത്ഥികൾ<br>രക്ഷിതാക്കൾ<br>അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ | 200000/- |
| 2 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കൽ..... ഇംഗ്ലീഷ് സ്റ്റോറി ബുക്ക്,ചിത്രവായന,വിദഗ്ധരുടെ ക്ലാസ്,ഇംഗ്ലീഷ് തീയറ്റർ,ഇംഗ്ലീഷ് ഡയറിക്കുറിപ്പ്, വായന സാമഗ്രികൾ,ഇംഗ്ലീഷ് പത്രം,പതിപ്പുകൾ,മാഗസിനുകൾ,ഇംഗ്ലീഷ് രചനാ ശില്പശാലകൾ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം. | വിദ്യാർത്ഥികൾ | 10000/- |
| 3 | ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ പരിസര പഠന പ്രവർത്തനങ്ങളെ ഫലപ്രദമായ ചെയ്യുന്നതിനും പഠന നേട്ടമുറപ്പിക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കൽ.ശാസ്ത്ര പരീക്ഷണത്തിന് ആവശ്യമായ സാമഗ്രികളുടെ ശേഖരണം,സ്കൂൾ ലാബ്,പരീക്ഷണ ശിൽപ്പശാല,ശാസ്ത്ര സാഹിത്യ പുസ്തകങ്ങളുടെ വാങ്ങൽ,മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കും. | വിദ്യാർത്ഥികൾ | 11000/- |
| 4 | **ഗണിത ക്ലബ്ബുകൾ** സജീവമാക്കൽ,ഗണിതശാസ്ത്രം മാഗസിൻ തയ്യാറാക്കൽ,രാമാനുജൻ ന്യൂട്ടൻ തുടങ്ങിയ ഗണിതശാസ്ത്രത്തിന് പരിചയപ്പെടുത്തൽ,ഓണത്തിന് ഗണിത പൂക്കളം മത്സരം നടത്തണം,ഗണിത ലാബുകൾ രൂപീകരിക്കണം,എല്ലാ അസംബ്ലിയിലും ഗണിത ചിന്തകൾ അവതരിപ്പിക്കണം,ഗണിതശാസ്ത്രത്തിന്റെ ചരിത്രവും പ്രാധാന്യവും സാധാരണക്കാരുമായി പങ്കുവെക്കുക, ഗണിത പഠനത്തിൽ കുട്ടികളുടെ അഭിരുചി അത്യധികം വർദ്ധിപ്പിക്കുക ,ഗണിത പഠനോപകരണ നിർമ്മിതിക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങൽ. | വിദ്യാർത്ഥികൾ | 10000/- |
| 5 | **<u>ഭാഷാ പഠനം</u>** മലയാളഭാഷ തെറ്റ് കൂടാതെ പറയുവാനും എഴുതുവാനും വായിക്കുവാനും കുട്ടികൾക്ക് പരിശീലനം നൽകുക.കേരളത്തിലെ സാംസ്കാരിക ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് കുട്ടികൾക്ക് അവസരം നൽകുക. കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് മലയാളഭാഷ പഠനം. പതിപ്പുകൾ,മാഗസിനുകൾ ലൈബ്രറി പുസ്തകങ്ങളുടെ ശേഖരണം, രചനാ ശിൽപ്പശാലകൾ, മലയാള പത്രം,സംഭവകഥനം ,വിവരണ ലേഖനം, ഡയറിയെടുത്ത് ,ജീവചരിത്രപരമായ ലഘുലേഖനം ,കത്തുകൾ, പത്രവാർത്ത, നോട്ടീസ്, ഉപന്യാസം ആശയവിപുലനം, നിവേദനം, മുഖപ്രസംഗം, ആസ്വാദനക്കുറിപ്പ്, പ്രസംഗം, യാത്ര വിവരണം ,പോസ്റ്റർ നിർമ്മാണം, അഭിമുഖം, കൈപുസ്തകങ്ങളും മറ്റ് ദൃശ്യ ശ്രാവ്യ പഠന സാമഗ്രികൾ തയ്യാറാക്കലും പ്രസിദ്ധീകരണവും, എല്ലാ കുട്ടികളുടെ വീട്ടിലും വായനശാല. | വിദ്യാർത്ഥികൾ | 16000/- |

| | | | |
|---|---|---|---|
| 6 | വിദ്യാർഥികളെ ഹിന്ദി ഭാഷയിലേക്ക് ആകർഷിച്ച് ഹിന്ദി പഠനം ലളിതമാക്കാനുള്ള പ്രവർത്തനങ്ങൾ, കഥകൾ കവിതകൾ, നാടകങ്ങൾ ,ഹിന്ദി ചാർട്ടുകൾ വാങ്ങൽ ,വായന കാർഡുകളുടെ ശേഖരണം ,ഹിന്ദി ദിനാചരണം, ഹിന്ദി പതിപ്പുകൾ, സെമിനാറുകൾ. | വിദ്യാർത്ഥികൾ | 6000/- |
| 7 | **<u>ദിനാചരണ പ്രവർത്തനങ്ങൾ</u>** ഓരോ ദിനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, പോസ്റ്റർ മത്സരം, റാലി ,അഭിമുഖം ,ആദരിക്കൽ ,ക്വിസ് മത്സരം. | വിദ്യാർത്ഥികൾ | 11000/- |
| 8 | **<u>സർഗം</u>** സ്കൂൾ കലാമേള എല്ലാമാസവും ക്വിസുകൾ ,സാഹിത്യ ക്യാമ്പുകൾ ,എല്ലാ കുട്ടികൾക്കും കുഞ്ഞു മാസികകൾ. | വിദ്യാർത്ഥികൾ | 6000/- |
| 9 | സാമ്പത്തിക പിന്നോക്കാവസ്ഥയുള്ള കുട്ടികളെ പരിഗണിക്കൽ ,അവർക്ക് ആവശ്യമായ പിന്തുണ നൽകൽ, പഠന വൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ. | വിദ്യാർത്ഥികൾ | 6000/- |
| 10 | പിന്നോക്കക്കാരായ കുട്ടികൾക്ക് അക്ഷരങ്ങൾ,ചിഹ്നങ്ങൾ ഉറപ്പിക്കാൻ സ്കൂൾതല പ്രത്യേക പാക്കേജ് **കിരണം** പദ്ധതിയുടെ തുടർച്ച | വിദ്യാർത്ഥികൾ | 3000/- |
| 11 | **<u>കൗൺസിലിംഗ്</u>** :മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൗൺസിലിങ് ക്ലാസുകൾ നടത്തുന്നു. സ്നേഹത്തോടെ പരിഗണനയോടെ കുട്ടികളുടെ പ്രശ്നങ്ങൾ കേൾക്കുകയും,വ്യക്തി,കുടുംബം,സമൂഹം,നിയമം എന്നീ തലങ്ങളിൽ പരിഹാരം കാണേണ്ടത് അതാതു തലങ്ങളിൽ പരിഹാരം കാണുകയും മനശാസ്ത്രസമീപനത്തോടെ അവരുടെ പ്രശ്നങ്ങൾ വിലയിരുത്തുകയും പരിഹരിക്കുകയും സ്വയം പര്യാപ്തമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ | വിദ്യാർത്ഥികൾ | 2500/- |
| 12 | കുട്ടികളുടെ അഭിരുചികൾ കണ്ടെത്തി (സംഗീതം, നൃത്തം, പാചകം, ഫോട്ടോഗ്രാഫി, ഫുഡ്ബോൾ, ഷട്ടിൽ, etc..) വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരിശീലനം ലഭ്യമാക്കുക. | വിദ്യാർത്ഥികൾ | 100000/- |